പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 84 — 13.6.2012 ൽ മറുപടിക്ക്

**മരുന്ന് വില**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു :<br>ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മരുന്നുകളുടെ വില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ അധീനതയിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) രാജ്യത്ത് ഔഷധങ്ങളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽസ് പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) ആണ്.എൻ.പി.പി.എ പ്രസിദ്ധീകരിക്കുന്ന മരുന്നുകളുടെ സീലിംഗ് പ്രൈസിന്റെ പരിധിയിൽ നിന്നു കൊണ്ടാണ് മരുന്നുകൾ കമ്പോളത്തിൽ വില്ക്കപ്പെടുന്നത് എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. മരുന്നുകളുടെ വില നിശ്ചയിക്കുന്നതിൽ ഒരധികാരവും ഇപ്പോൾ സംസ്ഥാന സർക്കാരിനില്ല. |
| (ബി) നിർമ്മാണവും വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാനത്തിലല്ലാതെ നിയന്ത്രണങ്ങൾ ലംഘിച്ച് മരുന്നു വില ക്രമാതീതമായി കൂടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ വില പൊതുവിപണിയിൽ നിയന്ത്രിച്ചു നിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില പൊതുവിപണിയിൽ നിയന്ത്രിച്ചു നിർത്തുന്നത് കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള എൻ.പി.പി.എ ആണ്. മരുന്നുകൾ വില കുറച്ച് ലഭ്യമാക്കുന്നതിന് നീതി, മാവേലി, പേയിംഗ് കൗണ്ടറുകൾ സർക്കാർ മേൽനോട്ടത്തിൽ നടത്തി വരുന്നുണ്ട്. കൂടാതെ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുകൾ സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നുണ്ട്. മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴിയും ലഭ്യമാക്കുന്നുണ്ട്. 35 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) മരുന്നു വിപണിയിലെ ചൂഷണത്തിൽ നിന്നും ഉപഭോക്താക്കളെ രക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഡി) ജീവൻ രക്ഷാ മരുന്നുകൾ അടക്കമുള്ള അവശ്യമരുന്നുകൾ (essential drugs )വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സൗജന്യമായാണ് വിതരണം ചെയ്യുന്നത്. കൂടാതെ നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിലെ പേയിങ് കൗണ്ടറുകൾ എന്നിവ മുഖേന വളരെ കുറഞ്ഞ നിരക്കിൽ മരുന്ന് വില്പന നടത്തുന്നുണ്ട്. ഇങ്ങനെ മരുന്നു വിപണിയിൽ സർക്കാർ ഫലപ്രദമായി ഇടപെടുന്നതിനാൽ ചൂഷണം തടയാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ